280/e8/18

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം.ഇ8/2210/15/സിഇ/തസ്വഭവ

തീയതി : 15.10.2018

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം)-ജീവനക്കാര്യം -ജീവനക്കാർ അപേക്ഷകൾ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല എന്ന സർക്കാർ നിർദ്ദേശം - നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന:- സർക്കാർ സർക്കുലർ നം. തസ്വഭവ-ഇആർഎ3/211/2018-തസ്വഭവ തീയതി 06.10.2018.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ, വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു:തദ്ദേശസ്വയംഭ രണ വകുപ്പ് മന്ത്രിക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്നത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്നും, അതിനാൽ ഇത്തരത്തിൽ നേരിട്ട് അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളതല്ല എന്നും മേൽ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുകയാണ്. ടി നിർദ്ദേശം എല്ലാ ജിവനക്കാരുടേയും ശ്രദ്ധയിൽപ്പെടു ത്തുന്നതോടൊപ്പം, ജീവനക്കാർ അപേക്ഷകൾ വകുപ്പ് തലവൻ മുഖേന മാത്രം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു. എല്ലാ നിയന്ത്രണാധികാരികളും ടി വിഷയ ത്തിൽ പ്രത്യക ശ്രദ്ധ ചെലുത്തേണ്ടതാണ്

ചീഫ് എൻജിനീയർ

ഉള്ളടക്കം:- സൂചന സർക്കാർ സർക്കുലർ

website

Office of the Chief Engineer
LSGD, Thiruvananthapuram
12.10.18

**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

| | |
|---|---|
| DCE | |
| AO | |
| AA | |
| IS | |

നം.തസ്വഭവ/ഇആർഎ3/211/2018-തസ്വഭവ

തിരുവനന്തപുരം, തീയതി, 06.10.2018.

**<u>പരിപത്രം</u>**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജീവനക്കാർ അപേക്ഷകൾ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

. . .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ്. അതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു. മന്ത്രിക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകുന്നു.

മേൽ നിർദ്ദേശം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനും നിർദ്ദേശം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ വകുപ്പ തലവന്മാർ സ്വീകരിക്കേണ്ടതാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
✓ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ